## ഗവ .സംസ്കൃത ഹൈസ്കൂൾ, ചാരമംഗലം



# മഴവില്ല്

തയ്യാറാക്കിയത്

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

2022-2025

## ആശംസ

ഗവൺമെന്റ് സംസ്കൃതഹൈസ്കൂളിലെ 28 വിദ്യാർഥികൾ അടങ്ങുന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് മികച്ച രീതിയിൽ പ്രവർത്തനം നടത്തി വരുന്ന .കുട്ടികളുടെ അക്കാദമികവും അക്കാദമികേതരവും ആയ പ്രവർത്തനങ്ങൾ കോർത്തിണക്കി ലിറ്റിൽ കൈറ്റ്സിലെ മിടുക്കരായ കുട്ടികൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിനിലേക്ക്ഏവർക്കും സ്വാഗതം. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച അമ്പിളി ടീച്ചറിനെയും പ്രിയപ്പെട്ട വിദ്യാർത്ഥികളെയും അഭിനന്ദിക്കുന്നു .

ഷീല ടീച്ചർ

പ്രഥമാധ്യാപിക

****************

# താളുകൾ മറിയുമ്പോൾ .......


കണക്കിലെ കുസൃതികൾ ---------------------------------- 5

നാടൻപാട്ട് ---------------------------------------- 6

സ്കൂൾ പ്രവർത്തനങ്ങളിലൂടെ ------------------------------ 7

പൊതുവിജ്ഞാനം ----------------------------------- 9

വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ------------------------ 11

മഹത് വചനങ്ങൾ -------------------------------------- 12

കേരളത്തിലെ പ്രമുഖ കവികളും

അവരുടെ കൃതികളും ------------------------------- 13

ചന്ദ്രയാൻ 3 ---------------------------------------- 14

നോബൽ സമ്മാനം ലഭിച്ച ഭാരതീയർ ------------------ 15

കേരളീയ കലകൾ -------------------------------- 17

ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം യുവതലമുറയിൽ ---- 20

ഇന്ത്യൻ നഗരങ്ങളും അപരനാമങ്ങളും ------------------ 22


***********

# കണക്കിലെ കുസൃതികൾ

1. അഞ്ച് ഒന്നുകൾ ഉപയോഗിച്ച് നൂറ് ഉണ്ടാക്കുന്നത് എങ്ങനെ ?

   ഉ. 111 – 11 = 100

2. ഒരു ചതുരത്തിന്റെ നാല് മൂലകളിൽ നിന്ന് ഒരു മൂല മുറിച്ചുമാറ്റിയാൽ ബാക്കി എത്രമൂല ഉണ്ടാവും ?

   ഉ . 5

3. ഗുണിക്കുമ്പോൾ കൊലയാളി, കൂട്ടുമ്പോൾ നിഷ്ക്രിയൻ

   ഉ. പൂജ്യം

4. നൂറിൽ നിന്ന് ഒന്ന് എത്ര തവണ കുറയ്ക്കാം ?

   ഉ. ഒരു തവണ

5. എട്ട് എട്ടുകൾ കൊണ്ട് ആയിരം ആക്കാമോ ?

   ഉ. 888 + 88 + 8 + 8 + 8 = 1000

6. നാലിൽ നിന്ന് ഒന്ന് പോയാൽ അഞ്ച് ആകുന്നത് എപ്പോൾ ?

   ഉ. റോമൻ അക്കത്തിൽ IV ൽ നിന്ന് I മാറ്റിയാൽ V ആകും.

7. 40 സെ. മീ. ആഴമുള്ള ഒരു കുഴിയിൽ എത്ര മണ്ണുണ്ടാവും ?

   ഉ.മണ്ണുണ്ടാവില്ല.

8. പച്ച തത്ത പച്ചമരത്തിൽ ഇരുന്നാലെത്ര ?

   ഉ. 8 ( 2 x 4 )

===================

# നാടൻപാട്ട്

## ചെഞ്ചീര

വട്ടത്തിൽ കുഴിവെട്ടി

നീളത്തിൽ തടമിട്ട്

അങ്ങനെ പാവണം ചെഞ്ചീര

വെണ്ണീറ് വിതറണം

വെള്ളം നനയ്ക്കണം

മാറോളം വളരണം ചെഞ്ചീര

എങ്ങനെ നുള്ളണം ചെഞ്ചീര

മുട്ട്ന്ന് നുള്ളണം ചെഞ്ചീര

ആരാരരിയണം ചെഞ്ചീര

അമ്മായി അരിയണം ചെഞ്ചീര

അരാര് വെക്കണം ചെഞ്ചീര

അമ്മായി വെക്കണം ചെഞ്ചീര

അരാര് കൂട്ടണം ചെഞ്ചീര

അമ്മാവൻ കൂട്ടണം ചെഞ്ചീര

# സ്കൂൾ പ്രവർത്തനങ്ങളിലൂടെ........

















# പൊതുവിജ്ഞാനം

1. ഇന്ത്യയിലെ ഉയർന്ന സൈനിക ബഹുമതി

   ഉ. പരമവീരചക്രം

2. ഇംഗ്ലീഷ് ഔദ്യോഗിക ഭാഷയായ ഇന്ത്യൻ സംസ്ഥാനം

   ഉ. നാഗാലാന്റ്

3. ലോകപരിസ്ഥിതിദിനം എന്നാണ് ?

   ഉ. ജൂൺ  5

4. ഹോക്കി മാന്ത്രികൻ എന്നറിയപ്പെടുന്ന ഇന്ത്യക്കാരൻ

   ഉ. ധ്യാൻചന്ദ്

5. ഇന്ത്യയിലെ ആദ്യത്തെ വനിതാഗവർണർ

   ഉ. സരോജിനി നായിഡു

6. ഇന്ത്യയിലെ ഏറ്റവും വലിയ വെള്ളച്ചാട്ടം

   ഉ. ജോഗ്  (കർണാടക )

7. ഹോമിയോപ്പതിയുടെ പിതാവ്

   ഉ. സാമുവൽ ഹനിമാൻ

8. ഇന്ത്യയിൽ സിംഹവാലൻ കുരങ്ങ് കാണപ്പെടുന്ന സ്ഥലം

   ഉ. സൈലന്റ് വാലി

9. ധനതത്ത്വശാസ്ത്രത്തിന് നോബൽ സമ്മാനം നേടിയ ഇന്ത്യക്കാരൻ

   ഉ. അമർത്യസെൻ

10. ഇന്ത്യൻ നവോത്ഥാനത്തിന്റെ പിതാവ്

    ഉ. രാജാറാം മോഹൻറായ്

# വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം

വിദ്യാഭ്യാസം നമ്മുടെ ജീവിതത്തിൽ ഒരു പ്രധാന പങ്കുവഹിക്കുന്നു. വിദ്യാഭ്യാസം ഇല്ലാതെ നമുക്ക് ജീവിതത്തിൽ ഒരു വിജയവും നേടാൻ കഴിയില്ല. ശോഭനമായ ഭാവിയിലേക്കുള്ള ഒരു പ്രധാന ഉപകരണമാണ് വിദ്യാഭ്യാസം. പുതിയതും നല്ലതുമായ നിരവധി കാര്യങ്ങൾ പഠിക്കാൻ വിദ്യാഭ്യാസം നമ്മെ സഹായിക്കുന്നു. ഇത് നമ്മുടെ ഉള്ളിൽ ആത്മവിശ്വാസം വർധിപ്പിക്കുന്നു. വിദ്യാഭ്യാസം നമ്മളിൽ പ്രശ്നം പരിഹരിക്കാനുള്ള കഴിവ് വർധിപ്പിക്കുന്നു. ശരിയും തെറ്റും തമ്മിൽ വേർതിരിച്ചറിയാനുള്ള അവബോധം നമ്മിൽ നൽകുന്നു. വിദ്യാഭ്യാസം നമ്മെ സ്വതന്ത്രരാക്കുന്നു. ഒരു നല്ല പൗരൻ ആകാൻ നമ്മെ സഹായിക്കുന്നു.
ഈ ലോകത്തെ ജീവിക്കാനുള്ള മികച്ച സ്ഥലം ആക്കി മാറ്റാൻ വിദ്യാഭ്യാസം അത്യാവശ്യമാണ്.

# ***മഹത് വചനങ്ങൾ***

ധനവും പദവിയും അധികാരവുമല്ല ആവശ്യം ഹൃദയശുദ്ധിയാണ്.

സ്വാമി വിവേകാനന്ദൻ

വിജയിക്കാൻ ഞാനെടുത്തിട്ടുള്ള തീരുമാനത്തിന് കരുത്തുണ്ടെങ്കിൽ പരാജയം ഒരിക്കലും എന്നെ പിന്തള്ളുകയില്ല.

എ . പി .ജെ അബ്ദുൾകലാം

വായിച്ച് വളരുക ചിന്തിച്ച് വിവേകം നേടുക.

പി . എൻ. പണിക്കർ

വളരെയധികം ചിന്തിക്കുക, കുറച്ച് മാത്രം സംസാരിക്കുക, അതിലും കുറച്ച് എഴുതുക.

എബ്രഹാം ലിങ്കൺ

വിദ്യാഭ്യാസത്തിന്റെ കാതൽ ചിന്തയത്രേ

ഗാന്ധിജി

# കേരളത്തിലെ പ്രമുഖ കവികളും അവരുടെ കൃതികളും

എഴുത്തച്ഛൻ -അദ്ധ്യാത്മരാമായണം കിളിപ്പാട്ട്

ചെറുശ്ശേരി -കൃഷ്ണഗാഥ

കുഞ്ചൻനമ്പ്യാർ -കല്യാണസൗഗന്ധികം

കുമാരനാശാൻ -വീണപൂവ്, കരുണ, ലീല

ഉള്ളൂർ എസ് പരമേശ്വരയ്യർ- ഉമാകേരളം, പിംഗള, കർണ്ണഭൂഷണം

വള്ളത്തോൾ നാരായണമേനോൻ -ചിത്രയോഗം, മഗ്ദലനമറിയം,അച്ഛനുംമകളും

പൂന്താനം -ജ്ഞാനപ്പാന, സന്താനഗോപാലം

മേൽപ്പത്തൂർ നാരായണഭട്ടതിരി- നാരായണീയം

രാമപുരത്ത് വാര്യർ -കുചേലവൃത്തം വഞ്ചിപ്പാട്ട്

ഇരയിമ്മൻ തമ്പി -ഓമനത്തിങ്കൾ കിടാവോ (താരാട്ട് )

# ചന്ദ്രയാൻ 3


ഇന്ത്യയുടെ മൂന്നാമത്തെ ചാന്ദ്രദൗത്യമായ ചന്ദ്രയാൻ 3 വിജയം കണ്ടിരിക്കുകയാണ്. 2023 ജൂലൈ 14 ന് ആന്ധ്രപ്രദേശിൽ ഉള്ള സതീഷ ധവാൻ സ്പേസ് സെൻ്ററിൽ നിന്നും ഇന്ത്യൻ സമയം 2.35 ന് ചന്ദ്രയാൻ 3 വിക്ഷേപിച്ചു. ചന്ദ്രയാൻ 3 യുടെ വിക്ഷേപണത്തിനായി എൽ. വി. എം മൂന്ന്, മാർക്ക് നാല് എന്ന റോക്കറ്റ് ആണ് ഉപയോഗിച്ചിരിക്കുന്നത്.പ്രോപ്പഷൻ മോഡ്യൂൾ, ലാൻഡർ മോഡ്യൂൾ എന്നീ രണ്ട് മോഡ്യൂളുകളും ചന്ദ്രയാൻ 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2023 ഓഗസ്റ്റ് 5 ന് ചന്ദ്രയാൻ 3 ചന്ദ്രന്റെ ഭ്രമണപഥത്തിൽ പ്രവേശിച്ചു. 41 ദിവസങ്ങൾക്ക് ശേഷം 2023 ഓഗസ്റ്റ് 23 വൈകുന്നേരം 6.04 ന് ചന്ദ്രയാൻ 3 വിജയകപമായി ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ ഇറങ്ങി. ചന്ദ്രയാൻ 3 ചന്ദ്രനിൽ ഇറങ്ങിയ സ്ഥലത്തെ 'ശിവശക്തി പോയിന്റ്' എന്ന് നാമകരണം ചെയ്തു. ഇനി മുതൽ എല്ലാ വർഷവും ഓഗസ്റ്റ് 23 ന് ഇന്ത്യയുടെ ദേശീയബഹിരാകാശ ദിനം ആഘോഷിക്കമെന്ന് പ്രധാനമന്ത്രി പ്രഖ്യാപിച്ചു.

*******************

## *നോബൽ സമ്മാനം ലഭിച്ച ഭാരതീയർ*

1. രവീന്ദ്രനാഥ ടാഗോർ - സാഹിത്യം - 1913





2. സി.വി രാമൻ - ഭൗതികശാസ്ത്രം -1930


3. ഹർ ഗോവിന്ദ് ഖുരാന- വൈദ്യശാസ്ത്രം






4. മദർതെരേസ -സമാധാനം - 1979


5. സുബ്രഹ്മണ്യം ചന്ദ്രശേഖർ - ഭൗതികശാസ്ത്രം -1983





6. അമർത്യ സെൻ - സാമ്പത്തികശാസ്ത്രം -1998

7. വെങ്കിട്ടരാമൻ രാമകൃഷ്ണൻ -രസതന്ത്രം - 2009





8. കൈലാഷ് സത്യാർത്ഥി - സമാധാനം - 2014

9. അഭിജിത്ത് ബാനർജി - സാമ്പത്തികശാസ്ത്രം -2019



*************

# കേരളീയ കലകൾ



## മോഹിനിയാട്ടം

കേരളത്തിൽ ഉത്ഭവിച്ച ശാസ്ത്രീയനൃത്ത രൂപമാണിത്.സ്ത്രീകൾലാസ്യരസപ്രധാനമായി അരങ്ങിൽ അവതരിപ്പിക്കുന്ന ഒന്നാണിത്.കലാ മണ്ഡലം കല്യാണിക്കുട്ടിയമ്മദക്ഷിണേന്ത്യയിലെ മോഹിനിയാട്ടത്തിന്റെ മാതാവ് എന്നാണറിയപ്പെടുന്നത്.

## കഥകളി



കേരളത്തിന്റെ തനതുകലാരൂപമായ കഥകളികലകളുടെരാജാവ്എന്നറിയപ്പെടുന്നു. പച്ച,കത്തി,താടി,മിനുക്ക്തുടങ്ങിയവയാണ് കഥകളിയിലെ വേഷങ്ങൾ.

## കൂടിയാട്ടം



കേരളത്തിലെ ഏറ്റവും പഴക്കമുള്ള ഒരു ക്ഷേത്രകലയാണ് കൂടിയാട്ടംപൂർണരൂപത്തിൽകൂടിയാട്ടംഅവതരിപ്പിക്കാൻ 41 ദിവസം സമയംവേണം .ഇതിനുപയോഗിക്കുന്ന സംഗീതോപകരണം മിഴാവാണ്.

## കൂത്ത്

ഫലിതത്തോടും പരിഹാസത്തോടും കൂടി ചാക്യാർ



നടത്തുന്ന പുരാണ കഥാപ്രസംഗമാണ്

ചാക്യാർകൂത്ത് കൂത്തിനുപയോഗിക്കുന്ന

സംഗീതോപകരണം

മിഴാവാണ്.

## ഓട്ടൻതുള്ളൽ



പാവപ്പെട്ടവരുടെകഥകളിഎന്നറിയപ്പെടുന്ന

കലാരൂപമാണ് ഓട്ടൻതുള്ളൽ

കുഞ്ചൻനമ്പ്യാരാണ് ഇതിന്റെ ഉപജ്ഞാതാവ്

.തുള്ളൽ മൂന്നു വിധത്തിലുണ്ട് .ഓട്ടൻതുള്ളൽ,

ശീതങ്കൻ തുള്ളൽ , പറയൻ തുള്ളൽ എന്നിവയാണ് അവ .

## ഒപ്പന



മുസ്ലിം സ്ത്രീകൾ നടത്തുന്ന ഒരു സാമൂഹിക

വിനോദമാണ് ഒപ്പന

.ഏതാണ്ട്അഞ്ഞൂറ്വർഷത്തെ പഴക്കമുണ്ട് .കല

അവതരിപ്പിക്കുന്നതിനു പത്തുപതിനഞ്ചു

ആളുകളെങ്കിലും വേണം .

## ചവിട്ടു നാടകം



കൊടുങ്ങല്ലൂർ  മുതൽ അമ്പലപ്പുഴ വരെയുള്ള
ക്രിസ്ത്യാനികളുടെ
ഇടയിൽ ഒരു കാലത്തു പ്രചാരത്തിലുണ്ടായിരുന്ന
നാടകമാണിത് .പാട്ടിനൊത്തു ചുവടു
വച്ചുകൊണ്ടുള്ള ആട്ടവും  ചാട്ടവും ചവിട്ടുമാണ്
ചവിട്ടുനാടകത്തിന്റെ ജീവൻ .

========================

## ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം യുവതലമുറയിൽ



മനുഷ്യനെ നിത്യ ദുഃഖത്തിലേക്കു കൊണ്ടെത്തിക്കുന്ന ഒന്നാണ് ലഹരിവസ്തുക്കൾ .ഇവ ഉപയോഗിക്കുന്നത് അന്തസ്സിന്റെ ചിഹ്നമായി ഒരു കൂട്ടർ കാണുന്നെങ്കിലും മറ്റൊരു കൂട്ടർക്കിതു മനസ്സിന്റെ പക്വതയില്ലായ്മയുടെ അനന്തരഫലമാണ് . മദ്യത്തിനും മയക്കുമരുന്നിനും അടിമയാകുന്നവരിൽ ശരീര പ്രതിരോധശേഷി നഷ്ടമാകുകയും കരൾ ,തലച്ചോറ് തുടങ്ങിയ അന്തരീകാവയവങ്ങളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുകയും ചെയ്യും .കുടുംബ ഭദ്രതയെ സാരമായി ബാധിക്കുകയും ചെയ്യും .

മദ്യനിരോധനം മനുഷ്യ നന്മയ്ക്കും രാഷ്ട്രപുരോഗതിക്കും അത്യന്താപേക്ഷിതമാണെന്ന് ഗാന്ധിജി ഉദ്ബോധിപ്പിച്ചിരിക്കുന്നു .വിദ്യാഭ്യാസ സ്ഥാപനങ്ങളെ ലക്ഷ്യമാക്കിയും കൗമാരക്കാരായ വിദ്യാർത്ഥികളെ ലക്ഷ്യമാക്കിയും ലഹരിപദാർത്ഥങ്ങൾ വില്പന നടത്തുന്ന റാക്കറ്റുകൾ ഇന്ന് വൻവിപത്തായി മാറിയിരിക്കുന്നു .ഈ അവസ്ഥയ്ക്ക് പരിഹാരം കാണാൻ സർക്കാരും വിദ്യാലയ അധികൃതരും കർശന നിയന്ത്രണങ്ങൾ പാലിക്കേണ്ടതാണ് .

ചുരുക്കത്തിൽ  മദ്യവും മയക്കമരുന്നുകളും ഇല്ലാത്ത ഒരു

ഇന്ത്യ,ചൈതന്യമുള്ള ഒരു ജനത അതാവണം നമ്മുടെ ലക്ഷ്യം .

***SAY NO TO DRUGS***

## ഇന്ത്യൻ നഗരങ്ങളും അപരനാമങ്ങളും

ഇന്ത്യയുടെ പ്രവേശന കവാടം -മുംബൈ

ഇന്ത്യയുടെ ഉരുക്കുനഗരം -ജംഷഡ്പൂർ

തടാകങ്ങളുടെ നഗരം -ഉദയ്പൂർ

ഓറഞ്ച് നഗരം -നാഗ്പൂർ

സോളാർ സിറ്റി -അമൃതസർ

പാവങ്ങളുടെ ഊട്ടി -നെല്ലിയാമ്പതി

ചന്ദനനഗരം -മൈസൂർ

പെൻഷനേഴ്സ് പാരഡൈസ് -ബാംഗ്ലൂർ

മുന്തിരിയുടെ നഗരം -നാസിക്

പൂന്തോട്ട നഗരം -ബാംഗ്ലൂർ

##################

## നന്ദി

പോരായ്മകൾ ഏറെ ഉണ്ടെങ്കിലും
ഇങ്ങനെ ഒരു മാഗസിൻ തയ്യാറാക്കാൻ
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ആയ
ഞങ്ങളെ സഹായിച്ച എല്ലാവർക്കും
ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു

